## കെ.എച്ച് മുഹമ്മദ്



**'സ്വന്തം** കരങ്ങൾകൊണ്ട് അധ്വാനിച്ച് ഭക്ഷിക്കുന്നതിനേക്കാൾ നല്ല ആഹാരം ആരും കഴിച്ചിട്ടില്ല' എന്ന നബിവചനത്തെ അന്വർഥമാക്കുന്ന ധന്യജീവിതമായിരുന്നു ആലപ്പുഴ ചേർത്തല ഏരിയായിൽ തൃച്ചാറ്റുകുളം കാർകുൻ ഹൽഖ അംഗമായിരുന്ന കെ.എച്ച് മുഹമ്മദ് (70) സാഹിബിന്റേത്. പ്രഭാത നമസ്കാരാനന്തരം മീൻകുട്ടയുമായി മത്സ്യവും ചുമന്ന് വഴിമധ്യേ കൃത്യമായി ളുഹ്ർ നമസ്കാരത്തിന് പള്ളിയിൽ എത്തുമായിരുന്നു. കണ്ണിന്റെ കാഴ്ച ഇല്ലാതാകുന്നതുവരെ അധ്വാനത്തിന്റെ രുചി അറിഞ്ഞാണ് അദ്ദേഹം ഉപജീവനം നയിച്ചത്. ബാക്കിസമയം അദ്ദേഹം പ്രസ്ഥാനത്തിനു വേണ്ടി നീക്കിവെച്ചു. ഹാജിസാഹിന്റെ കാലത്തുതന്നെ പ്രസ്ഥാനത്തെ സ്വാഗതം ചെയ്ത ഗ്രാമമാണ് വടുതല. ആദ്യകാലത്തു പ്രസ്ഥാനത്തെ നെഞ്ചിലേറ്റിയ ത്യാഗിവര്യന്മാരിൽ ഒരു കണ്ണിയാണ് കെ.എച്ചിന്റെ വേർപാടോടെ നഷ്ടപ്പെട്ടത്.

**വി.എം ഇബ്റാഹീം കുട്ടി വടുതല**

## ഹബീബ് അഹ്മദ്



**കണ്ണൂർ** ജില്ലയിലെ കാഞ്ഞിരോട് സ്വദേശി ഹബീബ് അഹ്മദ്(24). ബാംഗ്ലൂരിൽ സ്വകാര്യ കമ്പനിയിൽ സോഫ്റ്റ്വെയർ എഞ്ചിനീയറായിരുന്നു. കണ്ണൂർ എഞ്ചിനീയറിംഗ് കോളേജ് എസ്.ഐ.ഒ യൂനിറ്റ് സെക്രട്ടറി, കാഞ്ഞിരോട് യൂനിറ്റ് സെക്രട്ടറി തുടങ്ങിയ നിലകളിലും തന്റെ കഴിവ് തെളിയിച്ചു.

ബാംഗ്ലൂരിലെ പ്രസ്ഥാന പ്രവർത്തനങ്ങളിൽ മുൻപന്തിയിലുണ്ടായിരുന്നു. ഹബീബിന്റെ വേർപാട് പ്രദേശത്തെ പ്രസ്ഥാനപ്രവർത്തകർക്ക് വേദനയോടെ മാത്രമേ അനുസ്മരിക്കാൻ കഴിയൂ. സദാ പുഞ്ചിരിതൂകി നർമംകൊണ്ട് മാത്രം ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന ഹബീബിന്റെ പ്രവർത്തനശൈലി വേറിട്ടതായിരുന്നു. പ്രവൃത്തിദിനമായിരുന്നിട്ടും മരണവിവരമറിഞ്ഞ് വീട്ടിലും, മയ്യിത്ത് നമസ്കാരത്തിന് പഴയ ജുമുഅത്ത് പള്ളിയിലും തടിച്ചുകൂടിയ ജനസാന്നിധ്യം ഹബീബിന്റെ വിശാലമായ സൗഹൃദത്തിന്റെ തെളിവു കൂടിയാണ്.

**അബ്ദുല്ലാഹ് കാഞ്ഞിരോട്**

## സി.എച്ച് ഹംസ മാസ്റ്റർ



**മലപ്പുറം** ജില്ലയിലെ കോഡൂർ പ്രാദേശിക ജമാഅത്ത് അംഗമായിരുന്നു സി.എച്ച് ഹംസമാസ്റ്റർ(72).

കെ.ടി അബ്ദുർറഹീം സാഹിബ് മലപ്പുറം ജില്ലാ നാസിമായ സമയത്ത് ആരംഭിച്ച മാസ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുത്ത ഹംസ മാസ്റ്റർ പതിനൊന്നു വർഷം ആ ഉത്തരവാദിത്വം നിർവഹിക്കുകയും മാസ് കോളേജിനെ മലപ്പുറത്തെ ഒരു മാതൃകാ വിദ്യാലയമാക്കി ഉയർത്തിക്കൊണ്ടുവരികയും ചെയ്തു. പ്രാദേശിക അമീർ, ഏരിയാ ഓർഗനൈസർ, ജില്ലാ സമിതിയംഗം, മേഖലാ സെക്രട്ടറി, ഐ.ആർ.ഡബ്ലിയു അംഗം എന്നീ ഉത്തരവാദിത്വങ്ങൾക്ക് പുറമെ കോഡൂർ മുസ്‌ലിം സാംസ്കാരിക സമിതി, ചെറുകുളമ്പ് ഇസ്‌ലാമിക് ചാരിറ്റബ്ൾ ട്രസ്റ്റ്, മലപ്പുറം ഇസ്‌ലാമിക് സെന്റർ എന്നിവയുടെ സ്ഥാപകാംഗവുമായിരുന്നു. നല്ല ഫുട്ബോൾ കളിക്കാരനായിരുന്ന അദ്ദേഹത്തിന്റെ ശിഷ്യന്മാർ, 'ഹംസ മാസ്റ്റർ ഞങ്ങളെ കളിയും കാര്യവും പഠിപ്പിച്ച ഗുരുവാണ്' എന്ന് ഓർക്കാറുണ്ട്. വളരെ നേരത്തെ തന്നെ പ്രസ്ഥാനത്തെ മനസ്സിലാക്കിയ ഹംസ മാസ്റ്റർ 1969 മുതൽ പ്രസ്ഥാന ഘടനയിൽ വരികയും 1980-ൽ അംഗത്വം സ്വീകരിക്കുകയും ചെയ്തു.

**പി. അബൂബക്കർ വടക്കെമണ്ണ**